100 വർഷങ്ങൾ നാല് തലമുറകൾ

www.keralakaumudi.com
news@keralakaumudi.com
help desk @ 9645089898

11 മാർച്ച് 2011
1186 കുംഭം 27 വെള്ളി
തിരുവനന്തപുരം
പേജ് 14, വില ₹ 4.00




**ബിസിനസ്**
ഇന്ത്യയുടെ തേയില തിരിച്ചയച്ചു



**പ്രാദേശികം**
മുഖ്യമന്ത്രിയാവാൻ ഉമ്മൻചാണ്ടി യോഗ്യൻ

**കായികം**
ശ്രീലങ്കയ്ക്ക് മികച്ച വിജയം




Founder Editor : K. Sukumaran B. A.

# കേരളകൗമുദി

തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ | കോട്ടയം | കൊച്ചി | തൃശൂർ | കോഴിക്കോട് | കണ്ണൂർ | ബാംഗ്ലൂർ


## സി.പി.എം ജില്ലാകമ്മിറ്റികളുടെ സ്ഥാനാർത്ഥി ശുപാർശ ലിസ്റ്റ്

# മലമ്പുഴ ഒഴിച്ചിട്ടു

### മലമ്പുഴ-തീരുമാനം സംസ്ഥാന കമ്മിറ്റിക്ക് വിട്ടു

### പിണറായിയുടെയും കോടിയേരിയുടെയും പേരും ലിസ്റ്റിലില്ല

### മന്ത്രി പാലോളിയുടെ പേരും നിർദ്ദേശിക്കപ്പെട്ടില്ല

തിരുവനന്തപുരം : മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ സിറ്റിംഗ് സീറ്റായ മലമ്പുഴ ഒഴിച്ചിട്ടുകൊണ്ട് സി.പി.എം പാലക്കാട് ജില്ലാ സെക്രട്ടേറിയറ്റ് സ്ഥാനാർത്ഥികളുടെ കരട് ലിസ്റ്റ് തയ്യാറാക്കി.

മലമ്പുഴയിൽ ആര് മത്സരിക്കണമെന്ന തീരുമാനം ജില്ലാ സെക്രട്ടേറിയറ്റ് സംസ്ഥാന കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്.

പോളിറ്റ്ബ്യൂറോ അംഗങ്ങളായ പിണറായി വിജയൻ, കോടിയേരി ബാലകൃഷ്ണൻ എന്നിവരുടെ പേരുകളും വിവിധ ജില്ലാ സെക്രട്ടേറിയറ്റുകൾ തയ്യാറാക്കിയ സ്ഥാനാർത്ഥി ലിസ്റ്റുകളിലില്ല. പിണറായി മത്സരിക്കാൻ സാദ്ധ്യതയുള്ളതായി കരുതുന്ന കണ്ണൂർ ജില്ലയിലെ ധർമ്മടത്ത് എം.വി. ജയരാജന്റെ പേരാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ജില്ലാ സെക്രട്ടേറിയറ്റ് ഏത് പേര് നിർദ്ദേശിച്ചാലും സംസ്ഥാന കമ്മിറ്റിക്ക് അതിൽ മാറ്റം വരുത്താം എന്നതിനാൽ ഈ നിർദ്ദേശങ്ങൾ അന്തിമമാണെന്ന് കരുതേണ്ടതില്ല. എങ്കിലും അവ ചില സൂചനകൾ നൽകുന്നു.

വി.എസിന്റെ ജന്മജില്ലയായ ആലപ്പുഴയിലും അദ്ദേഹത്തിന്റെ പേര് ഉൾപ്പെടുത്താതെയാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പക്ഷേ, ഇവിടെ സീറ്റുകൾ ഒഴിച്ചിട്ടിട്ടില്ല. വി.എസിന്റെ പേരുമായി പറഞ്ഞുകേട്ടിരുന്ന കുട്ടനാട് എൻ.സി.പിയുടെ സിറ്റിംഗ് സീറ്റായതിനാൽ അത് തിരിച്ചെടുക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

'വ്യക്തികളെ മഹത്വവത്കരിക്കേണ്ടതില്ലെന്ന്' കണ്ണൂർ ജില്ലാ കമ്മിറ്റി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വി.എസിനെ ഉദ്ദേശിച്ചാണ് ഔദ്യോഗികപക്ഷത്തിന് വൻഭൂരിപക്ഷമുള്ള കണ്ണൂർ ജില്ലാ കമ്മിറ്റി ഈ നിരീക്ഷണം നടത്തിയതെന്ന് വ്യാഖ്യാനമുണ്ട്.

തദ്ദേശമന്ത്രി പാലോളി മുഹമ്മദ്കുട്ടിയുടെ പേര് മലപ്പുറത്തുനിന്ന് നിർദ്ദേശിക്കപ്പെട്ടിട്ടില്ല. മന്ത്രിമാരായ ഡോ. തോമസ് ഐസക് (ആലപ്പുഴ), ജി. സുധാകരൻ (അമ്പലപ്പുഴ) എന്നിവരുടെ പേരുകൾ ആലപ്പുഴ ജില്ലയിൽനിന്നും പി.കെ. ഗുരുദാസൻ (കൊല്ലം), എം.എ. ബേബി (കുണ്ടറ) എന്നിവരുടെ പേരുകൾ കൊല്ലത്തുനിന്നും എസ്. ശർമ്മയുടെ (വൈപ്പിൻ) പേര് എറണാകുളത്തുനിന്നും എ.കെ. ബാലന്റെ (തരൂർ) പേര് പാലക്കാട്ടുനിന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ ഇ.പി. ജയരാജൻ (മട്ടന്നൂർ), എം.സി. ജോസഫൈൻ (കൊച്ചി) എന്നിവർ സ്ഥാനാർത്ഥിപ്പട്ടികയിൽ ഇടം നേടി. അച്ചടക്ക നടപടിയെത്തുടർന്ന് ഏരിയാ കമ്മിറ്റിയിലേക്ക് തരംതാഴ്ത്തിയിരുന്ന മുൻ എം.പി എൻ.എൻ. കൃഷ്ണദാസിന്റെ പേര് ചിറ്റൂരിൽനിന്നു നിർദ്ദേശിക്കപ്പെട്ടു. കഴിഞ്ഞ ദിവസമാണ് കൃഷ്ണദാസിനെ ജില്ലാ കമ്മിറ്റിയിലേക്ക് സ്ഥാനക്കയറ്റം നൽകിയത്. വി.എസ് പക്ഷക്കാരനായ മുൻ എം.പി കെ. ചന്ദ്രൻപിള്ളയുടെ പേര് തൃക്കാക്കരയിൽനിന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

എം.എൽ.എമാരായ എം.എം. മോനായി, എം. ദിനേശ്മണി തുടങ്ങിയവരുടെ പേരുകൾ പട്ടികയിൽ ഇല്ല. കായംകുളത്ത് സി.കെ. സദാശിവൻ വീണ്ടും പട്ടികയിൽ ഇടം നേടി.

വി.എസിന്റെ സ്ഥാനാർത്ഥിത്വം: ജില്ലാ ഘടകങ്ങളുടെ അഭിപ്രായം അറിഞ്ഞശേഷം തീരുമാനം




### കൊച്ചിൻ പോർട്ട് ട്രസ്റ്റ്: സ്വകാര്യവത്കരണ നീക്കവുമായി കേന്ദ്രം

ന്യൂഡൽഹി: കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ഓഹരി വിൽക്കാനും സ്വകാര്യവത്കരിക്കാനുമുള്ള നീക്കവുമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുന്നു.

കൊച്ചിൻ പോർട്ട് ട്രസ്റ്റും സ്വകാര്യ കമ്പനിയായ ഇന്ത്യാ ഗേറ്റ്‌വേ ടെർമിനൽ പ്രൈവറ്റ് ലിമിറ്റഡുമായുള്ള കരാർ നിലവിൽ വന്നതായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം വെളിപ്പെടുത്തി. മദർ കണ്ടെയ്നർ ഷിപ്പുകൾ അടുക്കാൻ കഴിയുന്ന തരത്തിൽ പോർട്ട് ട്രസ്റ്റിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തുകയാണ് കരാറിന്റെ ലക്ഷ്യം.

### നക്സൽ നേതാവ് ശശധർ മഹാതോ കൊല്ലപ്പെട്ടു

കൊൽക്കത്ത: പ്രമുഖ നക്സൽ നേതാവ് ശശധർ മഹാതോ സി.ആർ.പി.എഫുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. പടിഞ്ഞാറെ മിഡ്നാപൂരിൽ കപ്ഗരി ഗ്രാമത്തിൽ വച്ചായിരുന്നു ഏറ്റുമുട്ടൽ. മാവോയിസ്റ്റ് നേതൃനിരയിൽ കിഷൻജി കഴിഞ്ഞാൽ തൊട്ടടുത്ത സ്ഥാനം ശശധറിനായിരുന്നു.

### സ്വർണം



8 ഗ്രാം 15,680
ഒരു ഗ്രാം 1960

### കാലാവസ്ഥ

വരണ്ട അന്തരീക്ഷം
34.0° 23.6°

### വിനിമയം

| | | |
|---|---|---|
| ഡോളർ | 44.30 | 44.84 |
| പൗണ്ട് | 71.40 | 72.40 |
| ദിർഹം | 11.66 | |
| കുവൈറ്റ്ദിനാർ | 147.00 | |

### തലവര

ആലപ്പുഴ ജില്ലാ സെക്രട്ടേറിയറ്റ് പട്ടികയിൽ വി.എസ് ഇല്ല



മാരാരിക്കുളത്തിൽ മുങ്ങിയത് മലമ്പുഴയിൽ പൊങ്ങിയ ചരിത്രമുണ്ട്

## ഇടമലയാർ കേസിൽ രാമഭദ്രൻനായരുടെ തടവുശിക്ഷ ഒഴിവാക്കി



ന്യൂഡൽഹി: ഇടമലയാർ കേസിലെ ആറാം പ്രതി രാമഭദ്രൻ നായരുടെ രോഗാവസ്ഥ കണക്കിലെടുത്ത സുപ്രീം കോടതി അദ്ദേഹം ഒരു വർഷത്തെ കഠിന തടവു അനുഭവിക്കേണ്ടതില്ലെന്ന് വ്യക്തമാക്കി. വിചാരണക്കാലയളവിൽ അനുഭവിച്ച ജയിൽ വാസം ശിക്ഷയായി കണക്കാക്കിയാണിത്. കേസിൽ കുറ്റക്കാരനാണെന്ന വിധിയും ഒരു വർഷം കഠിന തടവ് എന്ന ശിക്ഷയും നിലനിൽക്കുമെന്ന് കോടതി വ്യക്തമാക്കി. പ്രത്യേക സാഹചര്യത്തിലാണ് ഇളവ് അനുവദിച്ചത്. ഇതൊരു കീഴ്വഴക്കമാക്കരുതെന്ന് കോടതി പറഞ്ഞു.

ദീർഘകാലമായി മറവി രോഗം ബാധിച്ച് പൂർണമായും ശയ്യാവലംബിയായ രാമഭദ്രൻ നായരുടെ ശിക്ഷ നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. ജയിലിലേക്കു മാറ്റാൻ കഴിയാത്ത സാഹചര്യത്തിൽ വീടുതന്നെ ജയിലായി പരിഗണിക്കുകയോ തടവിനു പകരം പിഴ ഈടാക്കുകയോ വേണമെന്ന് ആവശ്യപ്പെട്ടാണ് അദ്ദേഹത്തിനുവേണ്ടി പുനപ്പരിശോധനാ ഹർജി നൽകിയിരുന്നത്.

ഹർജിക്കാരുടെ അപേക്ഷ വി.എസ്. അച്യുതാനന്ദന്റെ അഭിഭാഷകനും സർക്കാർ അഭിഭാഷകനും എതിർത്തില്ല.


**മനംനൊന്ത പ്രാർത്ഥന സഫലമായി**
**പേജ് 14**


## യു.ഡി.എഫിൽ തർക്കത്തിന് അയവില്ല

**രാഷ്ട്രീയ ലേഖകൻ**

- മാണിഗ്രൂപ്പിന്റെ തർക്കത്തിൽ കുഞ്ഞാലിക്കുട്ടിയുടെ മദ്ധ്യസ്ഥത ഫലിച്ചില്ല
- ജെ.എസ്.എസ് യോഗം ഇന്ന് ആലപ്പുഴയിൽ
- 10 സീറ്റ് വേണമെന്ന് സോഷ്യലിസ്റ്റ് ജനത
- സി.എം.പിയുടെ സീറ്റുകൾ ഏതൊക്കെയാണെന്ന് തീരുമാനമായില്ല
- സീറ്റ് വിഭജനത്തിൽ നഷ്ടം കോൺഗ്രസിന്

തിരുവനന്തപുരം : നിയമസഭാ തിരഞ്ഞെടുപ്പിനുള്ള സീറ്റുവിഭജനത്തിൽ യു.ഡി.എഫിലെ തർക്കത്തിന് അയവില്ല.

തർക്കം പ്രതിസന്ധിയായതോടെ മാണിഗ്രൂപ്പ് കേരള കോൺഗ്രസ്, ജെ.എസ്.എസ് എന്നീ കക്ഷികളുമായി കോൺഗ്രസ് ഇന്നലെ ചർച്ച നടത്തിയില്ല. മാണിഗ്രൂപ്പിന്റെ തർക്കത്തിന് പരിഹാരം കാണാൻ മുസ്ലിംലീഗ് ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി നടത്തിയ മദ്ധ്യസ്ഥ ശ്രമവും വിജയിച്ചില്ല.

സോഷ്യലിസ്റ്റ് ജനത ഇന്നലെ ആദ്യമായി പത്തു സീറ്റ് വേണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. അതിന്മേലുള്ള ചർച്ച ഇന്നും തുടരും. ജേക്കബ് ഗ്രൂപ്പുമായുള്ള ചർച്ചയും വിജയിച്ചില്ല.

കെ.എം. മാണി ഇന്നലെ ഉച്ചവരെ തിരുവനന്തപുരത്തുണ്ടായിരുന്നെങ്കിലും കോൺഗ്രസുമായി ചർച്ച നടക്കാത്തതിനാൽ അദ്ദേഹം കോട്ടയത്തേക്ക് പോയി. പാർട്ടിയുടെ സ്റ്റിയറിംഗ് കമ്മിറ്റി ഇന്ന് കോട്ടയത്ത് ചേരുന്നുണ്ട്. അതുകഴിഞ്ഞ് ഭാവിപരിപാടികൾ നിശ്ചയിക്കും.

മാണിഗ്രൂപ്പിന് 13 സീറ്റ് എന്ന നിലപാടിൽ കോൺഗ്രസ് ഉറച്ചുനിൽക്കുകയാണ്. മാണിഗ്രൂപ്പ് കഴിഞ്ഞതവണ മത്സരിച്ചത് 11 സീറ്റിലാണ്. പുറമെ ജോസഫ് ഗ്രൂപ്പിലെ 3 എം.എൽ.എമാരും പി.സി. ജോർജും ചേരുമ്പോൾ ആകെ 15 ആകും. ഇതിൽ രണ്ടു സീറ്റുകൾ ഈ ഗ്രൂപ്പുകൾ പരസ്പരം മത്സരിച്ചതാണ്. അവ കുറയ്ക്കുമ്പോൾ 13 ആകും. അതാണ് കോൺഗ്രസിന്റെ കണക്ക്. മണ്ഡല പുനർനിർണ്ണയം വന്നപ്പോൾ മാണിഗ്രൂപ്പിന് നഷ്ടമായ രണ്ടു സീറ്റുകൾ തങ്ങൾ നഷ്ടം സഹിച്ച് നികത്തിക്കൊടുക്കുകയാണെന്നും കോൺഗ്രസ് ചൂണ്ടിക്കാട്ടുന്നു.

എന്നാൽ, 16 സീറ്റെങ്കിലും കിട്ടിയേ തീരൂ എന്ന ഉറച്ച നിലപാടിലാണ് മാണിഗ്രൂപ്പ്. ജോസഫ് ഗ്രൂപ്പും പി.സി. ജോർജും വന്നപ്പോഴുണ്ടായ ശക്തിക്ക് ആനുപാതികമായി സീറ്റ് വർദ്ധന വേണമെന്നാണ് മാണിഗ്രൂപ്പ് വാദിക്കുന്നത്. 22 സീറ്റ് ചോദിച്ച തങ്ങൾ 16 സീറ്റിലേക്ക് ഇറങ്ങിവന്നിട്ടും കോൺഗ്രസ് വിട്ടുവീഴ്ച ചെയ്യുന്നില്ലെന്ന പരിഭവവും അവർക്കുണ്ട്.

ഔപചാരിക ചർച്ചകൾ നടന്നില്ലെങ്കിലും പി.സി. ജോർജ്, ഫ്രാൻസിസ് ജോർജ്, ജോയ് എബ്രഹാം എന്നീ മാണിഗ്രൂപ്പ് നേതാക്കൾ ഇന്നലെ ഉമ്മൻചാണ്ടി അടക്കമുള്ള കോൺഗ്രസ് നേതാക്കളെ ചെന്നുകണ്ട് അനൗദ്യോഗിക ചർച്ച നടത്തി. അതും ഫലം ചെയ്തില്ല.

അഞ്ചു സീറ്റ് ആവശ്യപ്പെട്ട ജെ.എസ്.എസിന് 3 സീറ്റിനപ്പുറം നൽകാനാവില്ല എന്ന കോൺഗ്രസ് നിലപാടിലും മാറ്റമില്ല. ജെ.എസ്.എസിന്റെ പാർട്ടി സെന്റർ യോഗം ഇന്ന് ആലപ്പുഴയിൽ നടക്കും.

തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലകളിലായി 10 സീറ്റുകൾ ഇന്നലെ സോഷ്യലിസ്റ്റ് ജനത ആവശ്യപ്പെട്ടു.

ഘടകകക്ഷികളുമായി ആലോചിക്കട്ടെ എന്ന് കോൺഗ്രസ് പറഞ്ഞു. സോഷ്യലിസ്റ്റ് ജനതയുമായുള്ള ചർച്ച ഇന്നും തുടരും. സി.എം.പിയുമായും ഇന്നലെ വീണ്ടും ചർച്ച നടന്നു. മൂന്നു സീറ്റുകൾ നൽകാമെന്നല്ലാതെ ഏതൊക്കെ സീറ്റുകളെന്ന് തീരുമാനമായില്ല.

സീറ്റ് വിഭജനത്തിൽ നഷ്ടം കൂടുതലുണ്ടായിരിക്കുന്നത് കോൺഗ്രസിനാണ്. കഴിഞ്ഞ തവണ 95 സീറ്റിൽ മത്സരിച്ച കോൺഗ്രസിന് ഇത്തവണ 84 സീറ്റുകിട്ടാനേ വഴിയുള്ളൂ. പുതിയ കക്ഷികൾക്ക് സീറ്റ് നൽകുന്നതിനായി ചെറുകക്ഷികളുടെ ഓരോ സീറ്റ് എടുത്തിട്ടും കോൺഗ്രസ് ഞെരുങ്ങുകയാണ്.....